**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 709** — **11-06-2024 - ൽ മറുപടിയ്ക്ക്**

**മാർമല ജലവൈദ്യുത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ മാർമല ചെറുകിട ജലവൈദ്യുത പദ്ധതിക്കാവശ്യമായ 7.4726 ഹെക്ടർ ഭൂമിയിൽ പട്ടയ ഭൂമിയായ 5.9099 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമിയുടെ വില വസ്തു ഉടമകൾക്ക് നൽകുന്നതിനായി 7 കോടി 34 ലക്ഷം രൂപ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് വിശദാംശങ്ങൾ സഹിതം സ്പെഷ്യൽ തഹസിൽദാർ (ലാൻറ് ആക്വസിഷൻ - ജനറൽ , പാല) 16.11.2023 തീയതി പ്രോജക്ട് മാനേജർക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (എ) | പൂഞ്ഞാർ മണ്ഡലത്തിലെ മാർമല ചെറുകിട ജല വൈദ്യുത പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമിയുടെ വില വസ്തു ഉടമകൾക്ക് നൽകുന്നതിനായി 7 കോടി 34 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി. എൽ-ന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ